**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1824 11.02.2013 - ൽ മറുപടിയ്ക്ക്

**'സ്നേഹപൂർവ്വം' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന 'സ്നേഹപൂർവ്വം' പദ്ധതി സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | വിവിധ സാഹചര്യങ്ങളിൽ മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും ജീവിച്ചിരിക്കുന്നയാൾക്ക് കുട്ടികളെ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുന്നതിന് സാധിക്കാതെ വരികയും ചെയ്യുന്ന സന്ദർഭങ്ങളിൽ അത്തരം കുട്ടികളെ അനാഥാലയങ്ങളിൽ സംരക്ഷിക്കാതെ സ്വഭവനങ്ങളിൽ/ബന്ധുഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുന്നതിന് ഉതകുന്ന തരത്തിൽ ആവശ്യമായ പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതിയാണ് 'സ്നേഹപൂർവ്വം' . |
| (ബി) | 'സ്നേഹപൂർവ്വം' പദ്ധതി നിലവിൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ; നിലവിൽ എത്ര പേർക്ക് ഈ പദ്ധതിയിലൂടെ ധനസഹായം നൽകി വരുന്നു; വ്യക്തമാക്കുമോ; | (ബി) | 06.06.2012 ലെ സ.ഉ(എം.എസ്) 36/2012/സാനീവ പ്രകാരം സ്നേഹപൂർവ്വം പദ്ധതി അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ധനസഹായം നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിന്, എന്തൊക്കെ മാനദണ്ഡങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകാമോ? | (സി) | ബി.പി.എൽ. കുടുംബങ്ങളിലെ കുട്ടികൾക്ക് പുറമെ ഗ്രാമപ്രദേശങ്ങളിൽ 20,000/- രൂപ വരെയും നഗരപ്രദേശങ്ങളിൽ 22,375/- രൂപ വരെയും കുടുംബ വാർഷിക വരുമാനമുള്ള, സർക്കാർ സ്കൂളുകൾക്ക് പുറമെ എയ്ഡഡ് സ്കൂളുകളിലെ/കോളേജുകളിലെ ഡിഗ്രി ക്ലാസ്സുകളിലും പ്രൊഫഷണൽ ക്ലാസ്സുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ധനസഹായത്തിനർഹതയുള്ളത്.<br>മാതാപിതാക്കളുടെ മരണസർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും, വില്ലേജാഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്, സ്വഭവനങ്ങളിൽ/ബന്ധുഭവനങ്ങളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥിയാണെന്ന് ജനപ്രതിനിധികളാരെങ്കിലും സാക്ഷ്യപ്പെടുത്തിയത്, സ്കൂൾ മേലധികാരിയുടെ സാക്ഷ്യപത്രം എന്നിവയും ആവശ്യമാണ്. |

R. [signature]

സെക്ഷൻ ഓഫീസർ